ഉത്തരം

1964-ലെ 'കേരള പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആന്റ് ലാന്റ് അസൈൻമെന്റ് ചട്ട' പ്രകാരം നിക്ഷിപ്ത വനഭൂമി പതിച്ചു കൊടുക്കാൻ വ്യവസ്ഥകളുണ്ട്. എങ്കിലും ഈ പ്രശ്നം ഗവൺമെന്റ് പ്രത്യേകം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ 1980-ലെ കേന്ദ്ര സർക്കാരിന്റെ വനസംരക്ഷണ നിയമപ്രകാരം വനഭൂമി വനേതരാവശ്യങ്ങൾക്ക് പതിച്ചുകൊടുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുവാദം ആവശ്യമാണ്.

ഭവനനിർമ്മാണ വായ്പ ലഭിക്കാത്ത അപേക്ഷകരുടെ പട്ടയങ്ങൾ

(944) ശ്രീ. കെ. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടികിടപ്പുകാർക്ക് വീട് നിർമ്മാണത്തിനുള്ള പദ്ധതിയനുസരിച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക്, പലർക്കും ഇതേവരെ ഹൗസിംഗ് ലോൺ അനുവദിക്കാതിരുന്ന സാഹചര്യത്തിൽ അവരിൽ നിന്നും തഹസിൽദാർമാർ വാങ്ങിവെച്ചിട്ടുള്ള പട്ടയങ്ങളും മറ്റ് രേഖകളും തിരിച്ച് നൽകാനുള്ള അവരുടെ അപേക്ഷ പരിഗണിക്കുമോ?

ഉത്തരം

കുടികിടപ്പ് ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് ഇതുവരേയും വായ്പ അനുവദിക്കാത്ത അപേക്ഷകർക്ക് അവരുടെ പട്ടയങ്ങളും മറ്റ് രേഖകളും രേഖാമൂലം ആവശ്യപ്പെട്ടാൽ തിരിച്ചുനൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മൈസൂർകുന്ന് മലവാരത്തിലെ കൈവശഭൂമി

(945) ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിലെ കാരശ്ശേരി, കക്കാട് വില്ലേജുകളിലുള്ള മൈസൂർകുന്ന് എന്ന മലവാരത്തുള്ള 3000-ൽപ്പരം ഏക്കർ കൈവശഭൂമി മിച്ചഭൂമിയാണെന്ന് കോഴിക്കോട് താലൂക്ക് ലാന്റ് ബോർഡ് വിധി കൽപ്പിക്കുകയുണ്ടായോ;

(ബി) പ്രസ്തുത ഭൂമിയിൽ ആയിരക്കണക്കിനാളുകൾ 20-ഉം, 30-ഉം വർഷങ്ങളായി സ്ഥിരതാമസമുണ്ടെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മിച്ചഭൂമിയായി പ്രഖ്യാപിക്കുന്നതിനുമുൻപ് കേസിനാസ്പദമായ ഭൂമിയിൽ കൈവശക്കാരുണ്ടോ എന്നും, അവർ എത്ര കാലമായിട്ടുള്ള കൈവശക്കാരാണെന്നും പരിശോധിക്കേണ്ട ബാദ്ധ്യത ലാന്റ് ബോർഡിനുണ്ടോ;

(ഡി) മുകളിൽ പറഞ്ഞതുപോലെത്തന്നെ തിരുവമ്പാടി വില്ലേജിൽ കണിയാടു മലവാരത്തും 3000-ൽപ്പരം ഏക്കർ ഭൂമി മിച്ചഭൂമിയാണെന്ന് ലാന്റ് ബോർഡ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത കേസുകൾ പുനഃപരിശോധിക്കാൻ ലാന്റ് ബോർഡിന് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly